# കേരള സർവകലാശാല

നം. പി.ആർ.054/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.പി.എ ഫലം

കേരള സർവകലാശാല നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.പി.എ (വോക്കൽ, വീണ, വയലിൻ, ഡാൻസ്) കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് (റഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ജർമ്മൻ സർട്ടിഫിക്കറ്റ് കോഴ്സ്

കേരള സർവകലാശാല ജർമ്മൻ പഠനവകുപ്പ് 2016-17 അധ്യയനവർഷത്തിൽ നടത്തുന്ന ജർമ്മൻ സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അടിസ്ഥാന യോഗ്യത ബിരുദം. പിഴകൂടാതെ ഏപ്രിൽ 25 (50 രൂപ പിഴയോടെ മേയ് രണ്ട്, 250 രൂപ പിഴയോടെ മേയ് ഒമ്പത്) വരെ ഫീസ് അടയ്ക്കാം. ഫോൺ: 9497270802. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### റഷ്യൻ കോഴ്സുകൾ

കേരള സർവകലാശാല റഷ്യൻ പഠനവകുപ്പ് 2016-17 അധ്യയനവർഷത്തിൽ നടത്തുന്ന റഷ്യൻ സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ഇന്റഗ്രേറ്റഡ് ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അടിസ്ഥാന യോഗ്യത : പ്ലസ് ടു/പ്രീഡിഗ്രി. റഷ്യൻ ഡിപ്ലോമ കോഴ്സിന് അപേക്ഷിക്കുന്നതിന് റഷ്യൻ രണ്ടാം ഭാഷയായി കേരള ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ നടത്തുന്ന പ്ലസ് ടു/ അല്ലെങ്കിൽ കേരള സർവകലാശാലയുടെ പ്രീഡിഗ്രി ജയിച്ചിരിക്കണം. അല്ലെങ്കിൽ കേരള സർവകലാശാല നടത്തുന്ന റഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സ് ജയിച്ചിരിക്കണം. അല്ലെങ്കിൽ കേരള സർവകലാശാല അംഗീകരിച്ച റഷ്യൻ വിഷയത്തിൽ തത്തുല്യ യോഗ്യത. പിഴകൂടാതെ ഏപ്രിൽ 25 (50 രൂപ പിഴയോടെ മേയ് രണ്ട്, 250 രൂപ പിഴയോടെ മേയ് ഒമ്പത്) വരെ ഫീസ് അടയ്ക്കാം. ഫോൺ: 9497270802. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ഫാം പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല മേയ് 16-ന് തുടങ്ങുന്ന രണ്ടാം ബി.ഫാം (സപ്ലിമെന്ററി) പരീക്ഷയ്ക്ക് അപേക്ഷിച്ചവർ പുനലാൽ ഡെയിൽ വ്യൂ കോളേജ് ഓഫ് ഫാർമസി, തിരുവനന്തപുരം മെഡിക്കൽ കോളേജ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ് എന്നിവിടങ്ങളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി തിരുവനന്തുപുരം മെഡിക്കൽ കോളജ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസിലും നെയ്യാറ്റിൻകര മാരായമുട്ടം എഴുത്തച്ഛൻ കോളേജ് ഓഫ് ഫാർമസി, പാറശ്ശാല ശ്രീകൃഷ്ണ കോളേജ് ഓഫ് ഫാർമസി, ശ്രീകാര്യം മാർ ഡിയോസ്കോറസ് കോളേജ് ഓഫ് ഫാർമസി എന്നിവിടങ്ങളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി ശ്രീകാര്യം മാർ ഡിയോസ്കോറസ് കോളേജ് ഓഫ് ഫാർമസിയിൽ പരീക്ഷയെഴുതണം. ചേർത്തല സെന്റ് ജോസഫ്സ് കോളേജ്

ഓഫ് ഫാർമസിയിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

## ബി.കോം പ്രാക്ടിക്കൽ

കേരള സർവകലാശാല ആറാം സെമസ്റ്റർ സി.ബി.സി.എസ് ബി.കോം പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 18-ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സൈബർ ലോ പരീക്ഷ

കേരള സർവകലാശാല മേയ് രണ്ടിന് തുടങ്ങുന്ന ഡിപ്ലോമ ഇൻ സൈബർ ലോ ആൻഡ് സൈബർ സെക്യൂരിറ്റി പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 21 (50 രൂപ പിഴയോടെ ഏപ്രിൽ 22, 250 രൂപ പിഴയോടെ ഏപ്രിൽ 23) വരെ അപേക്ഷിക്കാം. രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ പരീക്ഷാഫീസായി 1350 രൂപ അടയ്ക്കണം.

## പരീക്ഷാകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല ഏപ്രിൽ 20-ന് തുടങ്ങുന്ന ബി.കോം (ആന്വൽ സ്കീം) പരീക്ഷയ്ക്ക് ചേർത്തല എൻ.എസ്.എസ് കോളേജ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ടവർ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ പരീക്ഷയെഴുതണം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
16.04.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098